# CRE 2025-26

## SESSION 15

OCTOBER 2025

## Segment 1

10 mints

<u>Objectives</u>

1. സൂറഃ മനഃപാഠമാക്കൽ.
2. ഖുർആൻ ആശയം ഗ്രഹിച്ച് പഠിക്കാൻ പ്രോത്സാഹനം നൽകൽ.
3. തജ്‌വീദോടു കൂടി ഖുർആൻ പാരായണം ചെയ്യാൻ പ്രചോദിപ്പിക്കൽ.

# സൂറത്തു അൽ ആദിയാത്

https://youtu.be/iGyS6ZQtumc?si=mKsXEn-tHJJwd1Dp

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

وَٱلْعَـٰدِيَـٰتِ ضَبْحًا ﴿١﴾

وَالْعَادِيَاتِ ഓടുന്നവ തന്നെയാണ ضَبْحًا കിതച്ച്

100:1 കിതച്ച് (ശീഘ്രഗതിയിൽ) ഓടുന്നവ തന്നെയാണ (സത്യം)!-

فَٱلْمُورِيَـٰتِ قَدْحًا ﴿٢﴾

فَالْمُورِيَاتِ അങ്ങനെ (എന്നിട്ടു) തീ കത്തിക്കുന്നവ قَدْحًا (കല്ല്) ഉരസിയിട്ട്

100:2 അങ്ങനെ, (കുളമ്പ് കല്ലിൽ) ഉരസി തീ പറപ്പിക്കുന്നവ;-

فَٱلْمُغِيرَٰتِ صُبْحًا ﴿٣﴾

فَالْمُغِيرَاتِ അങ്ങനെ (എന്നിട്ട്) ആക്രമണം നടത്തുന്നവ صُبْحًا പ്രഭാതത്തിൽ

100:3 അങ്ങനെ, പ്രഭാതത്തില്‍ (ചെന്ന്) ആക്രമണം നടത്തുന്നവ;-

فَأَثَرْنَ بِهِۦ نَقْعًا ﴿٤﴾

فَأَثَرْنَ بِهِ എന്നിട്ട് അതിൽ അവ ഇളക്കിവിട്ടു, കിളറിപ്പിച്ചു نَقْعًا പൊടിപടലം

100:4 എന്നിട്ട് അതില്‍ [പ്രഭാതത്തില്‍ ] അവ പൊടിപടലം ഇളക്കി വിട്ടു;-

فَوَسَطْنَ بِهِۦ جَمْعًا ﴿٥﴾

فَوَسَطْنَ എന്നിട്ട് (അങ്ങനെ) അവ മദ്ധ്യത്തിൽ ചെന്നു بِهِ അതിൽ جَمْعًا സംഘത്തിന്, കൂട്ടത്തിൽ

100:5 എന്നിട്ട് അതില്‍ [പ്രഭാതത്തില്‍] അവ ( ശത്രു ) സംഘത്തിന് നടുവില്‍ പ്രവേശിച്ചു

إِنَّ ٱلْإِنسَٰنَ لِرَبِّهِۦ لَكَنُودٌ ﴿٦﴾

إِنَّ الْإِنسَانَ നിശ്ചയമായും മനുഷ്യൻ لِرَبِّهِ അവന്റെ റബ്ബിനോട് لَكَنُودٌ നന്ദികെട്ടവൻ തന്നെയാണ്

100:6 നിശ്ചയമായും, മനുഷ്യന്‍ അവന്‍റെ രക്ഷിതാവിനോട് നന്ദികെട്ടവന്‍ തന്നെ

وَإِنَّهُۥ عَلَىٰ ذَٰلِكَ لَشَهِيدٌ ﴿٧﴾

وَإِنَّهُ നിശ്ചയമായും അവൻ عَلَىٰ ذَٰلِكَ അതിന്റെമേൽ لَشَهِيدٌ സാക്ഷ്യം വഹിക്കുന്നവൻ തന്നെ

100:7 നിശ്ചയമായും, അവൻ അതിന് സാക്ഷ്യം നൽകുന്നവനും തന്നെ

وَإِنَّهُۥ لِحُبِّ ٱلْخَيْرِ لَشَدِيدٌ ﴿٨﴾

وَإِنَّهُ നിശ്ചയമായും അവൻ لِحُبِّ الْخَيْرِ നല്ലതിനോടുള്ള സ്നേഹത്തിൽ لَشَدِيدٌ കഠിനമായവൻ തന്നെ

100:8 നിശ്ചയമായും, അവൻ നല്ലതിനോട് [ധനത്തോട് ] സ്നേഹത്തിൽ കാഠിന്യമുള്ളവനും തന്നെയാണ്.

أَفَلَا يَعْلَمُ إِذَا بُعْثِرَ مَا فِى ٱلْقُبُورِ ﴿٩﴾

أَفَلَا يَعْلَمُ എന്നാലവൻ അറിയുന്നില്ലേ, അറിഞ്ഞു കൂടേ إِذَا بُعْثِرَ ഇളക്കി മറിക്ക (പുറത്തെടുക്ക) പ്പെട്ടാൽ مَا فِي الْقُبُورِ ഖബ്റുകളിലുള്ളത്

100:9 എന്നാൽ, അവൻ അറിയുന്നില്ലേ ? ഖബ്റുകളിലുള്ളത് ഇളക്കി മറി(ച്ചു പുറത്താ)ക്കപ്പെട്ടാൽ...!-

وَحُصِّلَ مَا فِى ٱلصُّدُورِ ﴿١٠﴾

وَحُصِّلَ വരുത്തപ്പെടുക (വെളിക്ക് കൊണ്ട് വരപ്പെടുക) യും مَا فِي الصُّدُورِ നെഞ്ച് (ഹൃദയം) കളിലുള്ളത്

100:10 നെഞ്ച് [ഹൃദയം] കളിലുള്ളത് (വെളിക്ക്) വരുത്തപ്പെടുകയും (ചെയ്താൽ).! [എന്തായിരിക്കും അപ്പോൾ അവന്റെ സ്ഥിതി !]

إِنَّ رَبَّهُم بِهِمْ يَوْمَئِذٍ لَّخَبِيرٌۢ ﴿١١﴾

إِنَّ رَبَّهُم നിശ്ചയമായും അവരുടെ റബ്ബ് بِهِمْ അവരെപ്പറ്റി يَوْمَئِذٍ ആ ദിവസം لَّخَبِيرٌۢ സൂക്ഷ്മജ്ഞാനി തന്നെ

100:11 നിശ്ചയമായും, അന്നത്തെ ദിവസം അവരെപ്പറ്റി അവരുടെ റബ്ബ് സൂക്ഷ്മമായി അറിയുന്നവൻ തന്നെ

## തജ്‌വീദ്

## الوقف :

### تنوين الفتحة

○وَٱلْعَٰدِيَٰتِ ضَبْحًا ○فَٱلْمُورِيَٰتِ قَدْحًا ○فَٱلْمُغِيرَٰتِ صُبْحًا ○فَأَثَرْنَ بِهِۦ نَقْعًا ○فَوَسَطْنَ بِهِۦ جَمْعًا

ഈ ആയത്തുകളിൽ നിറം കൊടുത്ത പദങ്ങൾ വായിച്ചു നോക്കൂ. അവയെല്ലാം فتحة ഉള്ള تنوين ൽ അവസാനിക്കുന്നവയാണല്ലോ. ഇവിടെ وقف ചെയ്യുമ്പോൾ ضَبْحًا എന്ന് ദീർഘമായിട്ടാണ് وقف ചെയ്യേണ്ടത്. ألف നും سكون ആണല്ലോ. അതുകൊണ്ട് അലിഫിൽ وقف ചെയ്യണം.

മറ്റു ഉദാഹരണങ്ങൾ:-

1) وَٱلنَّٰزِعَٰتِ غَرْقًا

2) وَٱلْمُرْسَلَٰتِ عُرْفًا

**Segment 2**

Camproot

30 MINUTES

## ഇസ്‌ലാ കാര്യങ്ങൾ

# സകാത്ത്: ഇസ്‌ലാമിന്റെ അടിസ്ഥാനശില

Objective:

- സകാത്ത് എന്ന ആരാധനാകർമം മനസ്സിലാക്കൽ.
- സക്കാത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ.
- ആരാണ് ആർക്കാണ് നൽകേണ്ടത് എന്ന് പഠിക്കാൻ

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ ഒന്നാണ് സകാത്ത്.

ഇബ്നു ഉമർ (റ) നിവേദനം: നബി ﷺ പറഞ്ഞു: "ഇസ്‌ലാം അഞ്ച് കാര്യങ്ങളിൽ സ്ഥാപിതമാണ്; അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക, നമസ്കാരം നിലനിർത്തുക, സകാത്ത് നൽകുക, ഹജ്ജ് നിർവ്വഹിക്കുക, റമളാനിൽ നോമ്പനുഷ്ഠിക്കുക എന്നിവയാണവ." (അൽബുഖാരി:8, മുസ്‌ലിം:16)

സമ്പത്തിന്റെ ഉടമസ്ഥൻ ആത്യന്തികമായി അല്ലാഹുവാണ്.

📌 "അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള സമ്പത്തിൽ നിന്ന് അവർക്ക് നിങ്ങൾ നൽകുകയും ചെയ്യുക." (ക്വുർആൻ 24:33)

എന്താണ് സകാത്ത്?

⭐ അല്ലാഹുവിന് ആരാധനയെന്നോണം നിർണ്ണിതമായ സമ്പത്തിൽനിന്നും, നിർബന്ധവും നിർണ്ണിതവുമായ ഒരുവിഹിതം, നിർണ്ണിതമായ അവകാശികൾക്ക്, നിർണ്ണിതമായ സമയത്ത് നൽകുന്നതിനെയാണ് 'സകാത്ത്' എന്ന് പറയുന്നത്.

📌 സകാത്ത് (زَكَاةٌ) എന്ന പദത്തിൻറെ ഭാഷാർത്ഥം 'വർധനവ്, വികാസം, ശുദ്ധീകരണം' എന്നൊക്കെയാണ്.

📌 അത് ശുദ്ധിയും ആത്മാവിന് സംസ്കരണവുമാണ്.

خُذْ مِنْ أَمْوَٰلِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا

“അവരെ ശുദ്ധീകരിക്കുകയും , അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുകളിൽ നിന്ന് നീ വാങ്ങുക.” (ക്വുർആൻ 9:103)

എന്തിനാണ് സകാത്ത്?

സമ്പത്തിന്റെ ഉടമസ്ഥർ വ്യക്തികളല്ല എന്നും, ധനികർ അല്ലാഹു നൽകിയ സമ്പത്ത് അവന്റെ ഇഷ്ടമനുസരിച്ച്, അർഹരായ തന്റെ സഹജീവികൾക്ക് നൽകണമെന്നുമാണ് ഇസ്‌ലാമിക കല്പന.

📌ഇതിലൂടെ ദരിദ്രരും നിരാലംബരുമായ മനുഷ്യർക്ക് ആശ്വാസം ലഭിക്കുന്നു.

📌 സമ്പത്ത് ശുദ്ധീകരിക്കപ്പെടുന്നു.  പിശുക്ക്, സ്വാർത്ഥത തുടങ്ങിയ ആത്മീയരോഗങ്ങളിൽ നിന്ന് വിശ്വാസി മുക്തിനേടുന്നു.

📌 വിശ്വാസികൾക്കിടയിൽ സാഹോദര്യവും പരസ്പരസ്നേഹവും വർധിക്കുന്നു.

📌സകാത്ത് ധനികരുടെ ഔദാര്യമല്ല, ദരിദ്രരുടെ അവകാശമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

സകാത്തിന്റെ ഗൗരവം!

📌 നമസ്കാരത്തോട് ചേർത്താണ് സകാതിനെ അല്ലാഹു കല്പിക്കുന്നത്. ക്വുർആനിൽ 28 സ്ഥലങ്ങളിൽ സകാത്തും നമസ്കാരവും ഒന്നിച്ചു പറഞ്ഞു.

وَأَقِيمُوا۟ ٱلصَّلَوٰةَ وَءَاتُوا۟ ٱلزَّكَوٰةَ

നിങ്ങൾ നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുക, സകാത്ത് നൽകുക.. (ക്വുർആൻ 2:43)

⚠️നമസ്കാരം നിലനിർത്തുന്ന വിശ്വാസികൾ, സകാത്തിന്റെ കാര്യത്തിൽ അശ്രദ്ധ കാണിക്കരുത് എന്ന് സാരം.

📌മുആദ് ബിൻ ജബലിനെ (റ) യമനിലേക്ക് ഗവർണറായി അയക്കുമ്പോൾ നബിﷺ പറഞ്ഞു:

“അവരുടെ സമ്പത്തിൽ അല്ലാഹു അവർക്ക് ദാനം നിർബന്ധമാക്കിയിരിക്കുന്നുവെന്ന് അറിയിക്കുക. അത്, അവരിലെ ധനികന്മാരിൽനിന്നു ശേഖരിക്കുകയും പാവങ്ങൾക്ക് നൽകുകയും ചെയ്യണം..” (അൽബുഖാരി 1395)

📌നബിﷺയുടെ മരണാനന്തരം അബൂബകർ (റ) ഖലീഫയായി. ചില അറബ് ഗോത്രങ്ങൾ മതം ഉപേക്ഷിക്കുകയും സകാത്ത് നൽകാൻ വിസമ്മതിക്കുകയും ചെയ്തു. അപ്പോൾ അബൂബക്ർ (റ) അവരോട് യുദ്ധം പ്രഖ്യാപിച്ചു.

അബൂബക്ർ (റ) പറഞ്ഞു: “അല്ലാഹുവാണെ, നമസ്കാരത്തിന്റെയും സക്കാത്തിന്റെയും ഇടയിൽ വ്യത്യാസം കൽപ്പിച്ചവരുമായി ഞാൻ യുദ്ധംചെയ്യും. സക്കാത്ത് ധനത്തിന്റെ ബാധ്യതയാണ്. അല്ലാഹുവാണെ, നബി ﷺക്ക് കൊടുക്കാറുള്ള ഒരു ഒട്ടകത്തിന്റെ കയർ തരാൻ വിസമ്മതിച്ചാൽ അതിന്റെ പേരിൽ ഞാനവരോട് യുദ്ധംചെയ്യും.” (അബൂ ഹുറയ്റ (റ)/ മുസ്‌ലിം 20)

▶️ സകാത്തിന്റെ നിബന്ധനകൾ:

‘നിസ്വാബ്’

ഓരോ സമ്പത്തിനും സകാത്ത് നിർബന്ധമാകുന്ന നിശ്ചിതമായ പരിധിക്കാണ് ‘നിസ്വാബ്’ എന്ന് പറയുന്നത്.

(സാമ്പത്തിക ഇനങ്ങൾക്കനുസരിച്ച് നിസ്വാബ് വ്യത്യസ്തമായിരിക്കും. അത് കൃത്യമായി റസൂൽﷺ വിശദീകരിച്ചിട്ടുണ്ട്.)

▶️അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ചികിത്സ, പഠനം തുടങ്ങിയ ചെലവുകൾ കഴിച്ച് ബാക്കിയുള്ള സമ്പത്തിന് നിസ്വാബ് എത്തിയാൽ സകാത്ത് നിർബന്ധമാവും.

📌 എപ്പോൾ  നൽകണം?

നിസ്വാബ് എത്തിയ

സമ്പത്ത്, ഒരു വർഷം പൂർത്തിയാവുമ്പോഴാണ് സകാത്ത് നൽകേണ്ടത്.

📌 സകാത്ത് നിർബന്ധമാവുന്ന സമ്പത്തിന്റെ ഇനങ്ങൾ:

- •കന്നുകാലികൾ
- •പണം/ നാണ്യങ്ങൾ
- •കാർഷിക വിളകൾ •ഖനികളും നിധിയും •കച്ചവടച്ചരക്കുകൾ

(📌 ഇവ ഓരോന്നിന്റെയും നിസ്വാബ്, എത്ര കൊടുക്കണം തുടങ്ങിയവ വിശദമായി പഠിക്കുക.)

📌 ആരാണ് കൊടുക്കേണ്ടത്?

സക്കാത്ത് നിർബന്ധമാകുന്ന നിസ്വാബ് എത്തിയ സ്വതന്ത്രരായ എല്ലാ മുസ്ലിംകളും വർഷം പൂർത്തിയാകുമ്പോൾ സക്കാത്ത് നൽകാൻ ബാധ്യസ്ഥരാണ്.

📌 ആർക്കാണ് നൽകേണ്ടത്?

സകാത്തിന്റെ അവകാശികൾ 8 വിഭാഗമാണ്:

- ദരിദ്രൻമാർ (الفُقَرَاءِ)
- പാവങ്ങൾ (المَسَاكِينُ)
- സകാത്ത് സംവിധാനത്തിന്റെ ജോലിക്കാർ
- ഇസ്‌ലാമിലേക്ക് ഹൃദയം ഇണക്കപ്പെട്ടവർ
- അടിമമോചനം
- കടബാധ്യതയുള്ളവർ
- അല്ലാഹുവിൻറെ മാർഗത്തിൽ (ജിഹാദ്)
- യാത്രക്കാർ

(📌 ഫകീ്റും, മിസ്കീനും ഒരുപോലെതന്നെ. പക്ഷേ, ഫകീ്റിൻറെ ദരിദ്രാവസ്ഥ പുറമെയുള്ളവർക്ക് കണ്ടറിയുവാൻ കഴിയും. അവനത് മൂടിവെക്കുകയില്ല. മിസ്കീനാവട്ടെ, തൻറെ സ്ഥിതി പുറമെയുള്ളവരെ അറിയിക്കാത്തവിധം മൂടിവെച്ചുകൊണ്ട് മാനവും മാന്യതയും കാത്തുസൂക്ഷിച്ചുകൊണ്ടിരിക്കും. ഈ കാര്യത്തിലാണ് രണ്ടാളും വേർതിരിയുന്നത്.)

📌അല്ലാഹു പറയുന്നു:

إِنَّمَا ٱلصَّدَقَٰتُ لِلْفُقَرَآءِ وَٱلْمَسَٰكِينِ وَٱلْعَٰمِلِينَ عَلَيْهَا وَٱلْمُؤَلَّفَةِ قُلُوبُهُمْ وَفِى ٱلرِّقَابِ وَٱلْغَٰرِمِينَ وَفِى سَبِيلِ ٱللَّهِ وَٱبْنِ ٱلسَّبِيلِ ۖ فَرِيضَةً
مِّنَ ٱللَّهِ ۗ وَٱللَّهُ عَلِيمٌ حَكِيمٌ

“ദാനധർമ്മങ്ങൾ ദരിദ്രർക്കും അഗതികൾക്കും അതിന്റെ ജോലിക്കാർക്കും മനസ്സിണങ്ങിയവർക്കും അടിമമോചനത്തിനും കടംകൊണ്ട് വലഞ്ഞവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴിപോക്കർക്കും മാത്രമുള്ളതാണ്. അല്ലാഹു നിർണയിച്ച കടമയാണിത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്.” (ക്വുർആൻ 9:60)

---

## Segment 3

QURANIC CHAPTERS 5 mins

---

കഴിഞ്ഞപത്ത്ക്ലാസ്സുകളിലായി നമ്മൾ 1 മുതൽ 60 സൂറത്ത്വരെയുള്ളതിന്റെ പേരുംഅർത്ഥവും ക്രമത്തിൽ പഠിച്ചല്ലോ....?!

### 61-65

61. سورة الصف - അണി
62. سورة الجمعة -
63. سورة المنافقون - കപട വിശ്വാസികൾ
64. سورة التغابن - നഷ്ടം വെളിപ്പെടുത്തൽ
65. سورة الطلاق - വിവാഹമോചനം

---

## Segment 4

## Cijal നു വേണ്ടി ഒരുങ്ങാം...

ജില്ലാതലങ്ങളിലേക്കും സംസ്ഥാന തലങ്ങളിലേക്ക് മത്സരിക്കുന്നതിന് വേണ്ടി പരിശീലിക്കാനുള്ള അവസരമാണ് ഈ സമയം...

മത്സരത്തിനുള്ള ആളുകൾക്ക് അവരുടെ മത്സരയിനങ്ങൾ അവതരിപ്പിക്കാൻ സമയം കൊടുക്കാം

## ASSIGNMENT

നമ്മുടെ നാട്ടിലെ ഇസ്ലാഹി പ്രസ്ഥാനത്തിന്റെ ചരിത്രം കണ്ടെത്താം...

നാട്ടിലെ മുതിർന്ന KNM - MGM ഭാരവാഹികളോട് ചോദിച്ചു മനസ്സിലാക്കി ഒരു ചെറു ചരിത്രരചന തയ്യാറാക്കുക

തയ്യാറാക്കിയ രചന ഗ്രൂപ്പിൽ പങ്കുവെക്കുക

( രചനകൾ CRE കോഡിനേറ്റർ ഗ്രൂപ്പിൽ പങ്കുവെക്കാൻ സെന്റർ കോഡിനേറ്റർമാർ പ്രത്യേകം ശ്രദ്ധിക്കുക)

CRE WING | MSM Kerala